മത്സരങ്ങൾ വഴിയും ശില്പശാലകൾ വഴിയും കുട്ടികളിലെ സർഗ്ഗവാസനകളെ വികസിപ്പിച്ചെടുക്കാനും പുതിയ പ്രതിഭകളെ കണ്ടെത്തുന്നതിനും സഹായിക്കുന്നു. ഇതിനുപുറമേ ഓരോ വിദ്യാഭ്യാസ ജില്ലയിലും സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ രചനാ ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നു.

(ഡി) കുട്ടികളുടെ പുസ്തക കോർണർ ഉണ്ടാക്കാൻ സന്നദ്ധരാകുന്ന ലൈബ്രറികൾക്ക് ആവശ്യപ്പെട്ടതത്രയും തന്നെ പുസ്തകം സൗജന്യമായി നല്കി വരുന്നു. ലൈബ്രറി കൗൺസിലുമായി സഹകരിച്ച് ലൈബ്രറികളിൽ പുസ്തക കോർണർ ആരംഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗം സാഹിത്യവേദി ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾ സംസ്ഥാനത്തെ സ്കൂളുകളിൽ എത്തിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പുസ്തകപ്രദർശന മേളകളിൽ വില്പന നടത്തുന്നത് കൂടാതെ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി വഴിയും പ്രചരണവും വില്പനയും നടത്തിവരുന്നുണ്ട്.

അവശകലാകാരന്മാർക്ക് പെൻഷൻ

14 (1994) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ എത്ര അവശകലാകാരന്മാർക്ക് പെൻഷൻ നല്കിവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പെൻഷൻ നല്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച എത്ര ഹർജികൾ തീരുമാനം എടുക്കാതെയുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കലാകാരപെൻഷൻ മൊത്തം 1500 പേർക്കാണ് നല്കി വരുന്നത്. ഇതിൽ ആളുകൾ മരണപ്പെടുന്നതനുസരിച്ച് ഉണ്ടാകുന്ന ഒഴിവിൽ അർഹതയുള്ള കലാകാരന്മാരെ സർക്കാർ തെരഞ്ഞെടുക്കുന്നു.

(ബി) എല്ലാ അപേക്ഷകളും തീർപ്പാക്കി അർഹരായവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

തൃപ്പൂണിത്തുറ ഹിൽ പാലസിലെ സ്പെയിസ് തിയേറ്റർ

15 (1995) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽ പാലസിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന സ്പെയിസ് തിയേറ്ററിന്റെ പണി ആരംഭിച്ചോ എന്നറിയിക്കാമോ ; ഇല്ലെങ്കിൽ കാരണമെന്താണ് ;

(ബി) ജപ്പാനിലെ ഗോട്ടോ കമ്പനിയുമായി ഇത് സംബന്ധമായി ഏതെങ്കിലും കരാർ ഒപ്പുവച്ചിരുന്നോ ;

(സി) എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly